ചെയ്തിട്ടുണ്ട്. പക്ഷേ, 164 പ്രകാരം മുഖ്യമന്ത്രിയായാൽ പ്രത്യേകമായി ശപഥം എടു ക്കേണ്ടതായിട്ടുണ്ട്. ആ ഭരണഘടനാ വ്യവസ്ഥയാണ് ഇവിടെ ലംഘിച്ചിരിക്കുന്നത്. അതു സംബന്ധിച്ച വ്യക്തമായ ഒരു റൂളിംഗ് അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണ മെന്നാണ് പറയാനുള്ളത്.

(b) റൂളിംഗ്

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചികിത്സയിൽകഴിയുന്നതിനാൽ അദ്ദേഹത്തിന്റെ അഭാവത്തിൽ സഭാനേതാവ് ആരാണെന്നറിയാൻ സഭയ്ക്ക് അധികാരം ഉണ്ടെന്നും അക്കാര്യം സഭയിൽ പറയാതിരുന്നത് പാർലമെന്ററി മര്യാദകളുടെ ലംഘനം ആണെന്നുമാണ് ശ്രീ. എം. വി. ജയരാജൻ ഉന്നയിച്ചിരിക്കുന്ന പ്രശ്നം. ചെയർ ഇക്കാര്യം പരിശോധിച്ചു. വിദഗ്ദ്ധചികിത്സയ്ക്കുവേണ്ടി എല്ലിന് ഒടിവുണ്ടായതു കാരണം തനിക്ക് കുറച്ചു ദിവസം വിശ്രമം അനിവാര്യം ആയതിനാൽ തന്റെ അഭാവത്തിൽ സഭാ നേതാവിന്റെ ചുമതല നിർവ്വഹിക്കുന്നതിനും സഭയിൽ താൻ കൈകാര്യം ചെയ്തിരുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനും ധനകാര്യ വകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമനെ ചുമതലപ്പെടുത്തിക്കൊണ്ട് 2-2-2006-ൽത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എനിക്ക് കത്ത് നൽകിയിരുന്നു. ഇക്കാര്യം സഭയെ അറിയിക്കുന്നത് സംബന്ധിച്ച് കീഴ്വഴക്കം ഞാൻ പരിശോധിച്ചു. ശ്രീ. കെ. കരുണാകരൻ 1992-ൽ വാഹനാപകടത്തെത്തുടർന്ന് ചികിത്സയിലായിരുന്നപ്പോൾ 19-6-1992 മുതൽ 18-7-1992 വരെ ശ്രീ. ഉമ്മൻചാണ്ടിയെ സഭാ നേതാവിന്റെ ചുമതല ഏൽപ്പിച്ചിരുന്നു. എന്നാൽ ഇക്കാര്യം സഭയിൽ അനൗൺസ് ചെയ്തിരുന്നില്ല. എന്നാൽ 18-7-1992-ൽ സഭാ നേതൃ സ്ഥാനം ശ്രീ. ഉമ്മൻചാണ്ടി രാജിവച്ചതിനെ തുടർന്ന് ശ്രീ. സി. വി. പത്മരാജനെ സഭാ നേതാവാക്കിയ കാര്യം 20-7-1992-ൽ സഭയെ അറിയിച്ചതായി കാണുന്നു. ലോക്സഭയിൽ 1997-ൽ the Prime Minister who was a member of Rajya Sabha, nominated the Minister of Railways as the Leader of the House, but no formal announcement in this regard was made in the House എന്ന് 'ശകൽ ആന്റ് കൗൾ' പറയുന്നു. It has been the practice that during the protracted absence of the Leader of the House when Lok Sabha is in Session, the Minister of Parliamentary Affairs, in consultation with the former, intimates to the Speaker as to who would act as the Leader of the House, but no formal announcement in this regard is made in the House മുഖ്യമന്ത്രി ഒരു ചെറിയ കാലയളവിലേക്ക് സഭാനേതാവിന്റെ ചുമതല കൈമാറി എന്ന് സ്പീക്കറെ അറിയിച്ച സാഹചര്യത്തിൽ അതുപ്രകാരം അനുവദിക്കാനുള്ള പൂർണ്ണമായ അധികാരം സ്പീക്കർക്കുണ്ട്. അത് സഭയിൽ പരസ്യമായി പ്രസ്താവിക്കണമെന്നൊരു കീഴ്വഴ ക്കമില്ല. അതുകൊണ്ട് ഈ ക്രമപ്രശ്നത്തിൽ ഭരണഘടനാപരമായ യാതൊരു ലംഘനവും ഇല്ല. അതാണ് എന്റെ റൂളിംഗ്.

LIBRARY ARCHIVES Kerala Legislative Assembly